D 74313 (Pages : 2) Name..............................12..

Reg. No................................

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION NOVEMBER 2014

(CUCBCSS-UG)

Common Course—Malayalam

## MAL 1A 01—മലയാള സാഹിത്യം–I

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ഉദയവർമ്മൻ കോലത്തിരിയുടെ സദസ്യനായിരുന്ന മലയാള കവി ആര് ?

2 ഒരു കിളിപ്പാട്ടു വൃത്തത്തിൻെറ പേരെഴുതുക.

3 മോയിൻകുട്ടി വൈദ്യരുടെ ജന്മസ്ഥലം ഏത് ?

4 സത്രാജിത്തിന് സ്യമന്തകം നൽകിയതാര് ?

5 കുരുക്ഷേത്രയുദ്ധത്തിൽ ദ്രോണാചാര്യരെ വധിച്ചതാര് ?

6 'കയർ' എന്ന ബൃഹദ് നോവലിൻെറ കർത്താവാര് ?

7 തെയ്യുണ്ണി ഏതു ചെറുകഥയിലെ കഥാപാത്രമാണ് ?

8 ബഷീർ തിരക്കഥ എഴുതിയ മലയാള ചലച്ചിത്രം ഏത് ?

9 'മഞ്ഞുകാലം' എന്ന കഥ എഴുതിയതാര് ?

10 ആരോമൽചേകവർക്ക് എതിരുനിന്ന് അങ്കം വെട്ടിയതാര് ?

(10 × ½ = 5 marks)

II. അഞ്ചു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കേരളത്തിലെ നാടൻപാട്ടുകൾ ഉൾക്കൊള്ളുന്ന പ്രധാന വിഷയങ്ങൾ എന്തെല്ലാം ?

12 "പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ"

—ഈ കിടപ്പ് ആരുടേതാണ് ? സന്ദർഭമേത് ?

13 "ശൈശവകാലത്തുണ്ടായീടിന,
കൈതവമുണ്ടോ മാറീടുന്നു"

—സൂചിതമെന്ത് ?

Turn over

14 ചേന്നപ്പറയനെ ആശ്രയിച്ച് കഴിഞ്ഞിരുന്നവർ ആരൊക്കെ ?

15 "എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കോളൂ"—എന്ത് എഴുതുന്ന കാര്യമാണ് സൂചിപ്പിക്കുന്നത് ?

(5 × 2 = 10 marks)

III. അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 "പഴഞ്ചൊല്ലുകളുടെ കാവ്യാത്മകാവിഷ്ക്കാരം നമ്പ്യാർക്കവിതയുടെ സവിശേഷതയാണ്" —സ്യമന്തകം ഓട്ടൻതുള്ളലിൽനിന്നും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുക.

17 'നേരം പോയ് നേരം പോയ് പൂക്കൈത മറപറ്റി' എന്നാരംഭിക്കുന്ന നാടൻപാട്ടിൽ പ്രതിഫലിക്കുന്ന ജീവിതചിത്രം എന്ത് ?

18 "കുങ്കുമത്തിൻെറ വാസമറിയാതെ

കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം"

—ആശയം വിശദമാക്കുക.

19 "കിളിപ്പാട്ടു പ്രസ്ഥാനം"—നോട്ടു കുറിക്കുക.

20 "സന്ധ്യക്ക് ഹോസ്റ്റൽ ഗെയിറ്റിൽനിന്ന് യാത്ര പറയും മുമ്പുള്ള രണ്ടു മണിക്കൂറിനിടയ്ക്ക് എത്ര തവണയാണ് പൊട്ടിച്ചിരിച്ചിരുന്നത് "—വക്താവാര് ? പങ്കു വയ്ക്കുന്ന വികാരമെന്ത് ?

21 "അനുഭവം എന്നെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം ഇതാണ്. ആരും ആരെയും കാത്തിരിക്കരുത് " —ആരാണ് ഈ തീർപ്പിലെത്തിയത് ? എന്തായിരുന്നു ആ അനുഭവം ?

22 "ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അത് പറയുകയാവാം"—സന്ദർഭത്തോട് ചേർത്ത് വിശദമാക്കുക.

(5 × 5 = 25 marks)

IV. നാല് ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 നാടൻപാട്ടുകളിലും വടക്കൻപാട്ടിലും പ്രതിഫലിക്കുന്ന ജീവിത സംസ്കാരത്തെപ്പറ്റി ഉപന്യാസം തയ്യാറാക്കുക.

24 കരുണരസം ആവിഷ്കരിക്കുന്നതിൽ എഴുത്തച്ഛൻ അസാമാന്യ മികവാണ് പ്രകടിപ്പിച്ചിട്ടുള്ള —ഗാന്ധാരീവിലാപം ഇത് എത്ര കണ്ടു സാധൂകരിക്കുന്നു ?

25 വേദാന്തത്തെ സാധാരണ മനുഷ്യർക്ക് പരിചയപ്പെടുത്തിയ കവിയാണ് പൂന്താനം—ജ്ഞാനപ്പാന ആസ്പദമാക്കി വിശദീകരിക്കുക.

26 പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആരോഗ്യകരമായ ബന്ധത്തിൻെറ പ്രകടന പത്രികയാ 'ഭൂമിയുടെ അവകാശികൾ'—ചർച്ച ചെയ്യുക.

27 മനുഷ്യേതര കഥാപാത്രങ്ങൾക്ക് മനുഷ്യോചിതമായ വികാരങ്ങൾ നൽകി പൊലിപ്പിക്കുന്നത് തകഴിയ്ക്കുള്ള വൈഭവം 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യു

28 മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണ സമസ്യകളെ അനാവരണം ചെയ്യുന്ന ചെറുകഥയാണ് 'കല്ലാ —നിരൂപിക്കുക.

(4 × 10 = 40 mar